പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 430 12.06.2012 -ലെ മറുപടി

## കെ.എസ്.ആർ.ടി.സി അന്തർ സംസ്ഥാന സർവ്വീസുകൾ

ചോദ്യം

ശ്രീ. പി. കെ. ഗുരുദാസൻ
" കെ. വി. അബ്ദുൾ ഖാദർ
" വി. ചെന്താമരാക്ഷൻ
" ഡോ. കെ. ടി. ജലീൽ

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി പ്രതിദിനം എത്ര അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തിയിരുന്നുവെന്നും ഈ സർക്കാർ അധികാരമേറ്റ ശേഷം ഇവയിൽ എത്രയെണ്ണം നിർത്തലാക്കിയെന്നും അതിനുള്ള കാരണമെന്തെന്നും വ്യക്തമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി. നിലവിൽ 331 അന്തർസംസ്ഥാന സർവ്വീസുകളാണ് നടത്തുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിലവിലുള്ള അന്തർസംസ്ഥാന കരാർ പ്രകാരം ബാക്കി കരസ്ഥമാക്കാനുള്ള പെർമിറ്റുകളിൽ കാസർഗോഡ് - സുള്ളിയാ റൂട്ടിൽ മൂന്ന് എണ്ണവും, തിരുവനന്തപുരം - തൃപ്പരപ്പ് റൂട്ടിൽ ഒരു സർവ്വീസും ആരംഭിച്ചിട്ടുണ്ട്. തീരെ വരുമാനക്കുറവുണ്ടായിരുന്ന കണ്ണൂരിൽ നിന്നും നടത്തിയിരുന്ന ഒരു ബാംഗ്ലൂർ സർവ്വീസ് താൽക്കാലികമായി നിർത്തിവെച്ചിരിക്കുകയാണ്. അതേപോലെ കോഴിക്കോട് മേഖലയിൽ നിന്നും മൈസൂർ ബാംഗ്ലൂർ ഭാഗത്തേക്ക് ഓപ്പറേറ്റ് ചെയ്യുന്ന ചില സർവ്വീസുകൾക്ക് ടി റൂട്ടിൽ രാത്രികാല ഗതാഗത നിരോധനം നിലവിലുള്ളതിനാൽ വരുമാനക്കുറവ് ഉണ്ടാകുന്നതു മൂലം എല്ലാ ദിവസങ്ങളിലും ഓടിക്കാറില്ല. |
| (ബി) | കെ.എസ്.ആർ.ടി.സി നിർത്തലാക്കിയ ഈ റൂട്ടുകളിൽ മറ്റ് സംസ്ഥാന ട്രാൻസ്പോർട്ടുകളും സ്വകാര്യ സ്ഥാപനങ്ങളും കൃത്യമായി സർവ്വീസ് നടത്തിവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | നിർത്തലാക്കിയ അന്തർസംസ്ഥാന സർവ്വീസുകൾ പുന:രാരംഭിക്കാൻ അടിയന്തിരമായി നടപടി സ്വീകരിക്കുമോ? | (സി) | ഇക്കാര്യം പരിശോധിച്ചശേഷം അനന്തര നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ